



YouCam

# ആമുഖം

കാലത്തിനുമപ്പുറം
അതിജീവനത്തിന്റെ
നിലാവെളിച്ചമായി
നിലകൊള്ളുന്ന
അക്ഷരങ്ങളുടെ പാതയിലേക്ക്
നമുക്ക് മുന്നേറാം.........
സർഗാത്മകതയുടെ മുത്തുകൾ കോർത്തെടുക്കാം,
അറിവിന്റെ വാതായനങ്ങൾ തുറന്നിടാം.......
നാം നടന്ന വഴിത്താരകളിൽ,
പൂമരങ്ങൾ കുടപിടിച്ച നാട്ടുവഴികളിൽ,
പൂക്കൈത പൂക്കുന്ന പാടവരമ്പുകളിൽ
ഇഴചേർന്ന കനവുകൾ ....... സൗഹൃദങ്ങൾ,
ഒരായിരം സ്വപ്നങ്ങളായി പൂത്തുലയട്ടെ......

ആശംസകളോടെ...........



നമ്മുടെ സ്കൂളിന്റെ

രണ്ടാമത്തെ ഡിജിറ്റൽമാഗസിൻ....

"കൂട്ട്"

IT മേഖലയിൽ ഉള്ള കുട്ടികളുടെ ദൈനംദിന വളർച്ചയെ ഞാൻ അഭിമാനത്തോടെ നോക്കിക്കാണുന്നു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി അവർ സ്കൂളിനു വേണ്ടി ചെയ്യുന്ന ഓരോ പരിപാടികളും മാറ്റുരയ്ക്കുന്നതാണ്. ഡിജിറ്റൽ മാഗസിനു വേണ്ട എല്ലാ ആശംസകളും നേർന്നു കൊണ്ട്

നിങ്ങളുടെ സ്വന്തം

ഹെഡ്മാസ്റ്റർ

വിൽസൺ M P



## ആശംസകൾ നേർന്നുകൊണ്ട്

ഞാൻ കഴിഞ്ഞ കുറേ കൊല്ലങ്ങളായി ഇവിടെ PTA President ആയി സേവനമനുഷ്ഠിക്കുന്നു. സത്യത്തിൽ ഈ സ്കൂൾ തന്നെയാണ് എന്റെ സ്വന്തം വീട്. ഈ സ്കൂളിനുണ്ടാകുന്ന എല്ലാ നേട്ടങ്ങളും കോട്ടങ്ങളും എന്നെ സ്പർശിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ ഡിജിറ്റൽ മാഗസിനുവേണ്ടി ഒരു ഫോട്ടോ തരണമെന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പറഞ്ഞപ്പോൾ ഞാൻ കൊടുക്കുകയുണ്ടായി . അന്ന് Digital Magazine എന്നു പറഞ്ഞപ്പോൾ എനിക്കൊരു അത്ഭുതമായിരുന്നു. കാരണം നമ്മുടെ മക്കൾ അത്രമേൽ വളർന്നുവോ?

പിന്നീട് അത് PDF file ആയി എന്റെ മൊബൈലിലേക്ക് മക്കൾ ആയച്ചുതന്നപ്പോഴാണ് അതിന്റെ മൂല്യവും അതിനുപിന്നലെ പ്രയത്നവും ഒക്കെ മനസ്സിലാകുന്നത്. ഇന്നിതാ എന്റെ കുട്ടികളുടെ രണ്ടാമത്തെ മാഗസിൻ "കൂട്ട്"...... "മായാത്തസ്ളേറ്റ്" പോലെ ഈ മാഗസിൻ "കൂട്ട്"മികവുറ്റതാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു,പ്രാർത്ഥിക്കുന്നു

PTA President
ശ്രീ രമേശൻ

കൂട്ട്

**ആശംസകൾ**

**നേർന്നുകൊണ്ട്.....**



**ഞാൻ മുഹമ്മദ് റയീസ്.എന്നെ സ്കൂൾ ലീഡറായി തിരഞ്ഞെടുക്കുന്നത് കഴിഞ്ഞ വർഷമാണ് .ഒരു സ്കൂൾ ലീഡർ എന്ന നിലയിൽ എനിക്ക് ഈ സ്കൂളിൽ ധാരാളം ഉത്തരവാദിത്തങ്ങൾ ഉണ്ട്.ഞാൻ അതെല്ലാം നിറവേറ്റാൻ ബാധിസ്ഥനാണ്.ഇന്നിതാ നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്കൂളിന്റെ Digital Magazine തയ്യാറാക്കുന്നതിന്റെ പണിപ്പുരയിലാണ്.എത്ര ആവേശത്തോടുകൂടിയാണ് നമ്മുടെ കുട്ടികൾ ഓരോരുത്തരും പ്രവർത്തിക്കുന്നത്....എല്ലാ കൂട്ടുകാർക്കും ടീച്ചേഴ്സിനും ഈ മാഗസിനുവേണ്ട എല്ലാ ആശംസകളും നേരുന്നു**

***മുഹമ്മദ് റയീസ്***

***സ്കൂൾ ലീഡർ***

KITE MASTER



RANJUMON AS

KITE MISTRESS



SREEKKUTTY R

## സമർപ്പണം



ഒരോരോ വിപത്തുകൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുയാണ് നമ്മുടെ ലോകം. ചൈന ഇന്ന് കൊറോണ വൈറസിന്റെ പിടിയിലാണ്. ഇതിനു പിന്നിൽ ഏതു ദുഷ്ടശക്തിയാണെങ്കിലും കൊടും ക്രൂരത ആയിപ്പോയി.ഇതിനെതിരെയുള്ള വാക്സിൻ വികസിപ്പച്ചെടുക്കുകയാണ്. ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ് ചൈനയിൽ. .ചൈനയെ എത്രയൊക്കെ നശിപ്പിക്കാൻ ശ്രമിച്ചാലും അവർ വീണ്ടും പൊൻ സൂര്യനായി ഉദിച്ചുയരും........ഈ വേളയിൽ സ്വന്തം ജീവനെ വകവയ്ക്കാതെ കർമ്മനിരതരായി കൊറോണ വൈറസ് ബാധിച്ചവരെ ചികിത്സിക്കുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കുമായി സമർപ്പിക്കുന്ന നമ്മുടെ ഈ "**കൂട്ട്**"

# ചേറ്

ഞാനിന്നുമോർക്കുന്നു എൻ പ്രിയ നാട്ടിന്റെ
ഗ്രാമീണ ഭംഗികൾ പൂത്തപാടം
പച്ച പുതച്ചൊരി വയലുകൾക്കപ്പുറം
കൊക്കുകൾ പാറുന്ന ഹരിത നാട്
പാളത്തൊപ്പിയും മുഷിഞ്ഞൊരി തോർത്തും
വിയർത്തൊലിയുന്ന കറുത്തൊരാ ദാഹവും
ചേറ്റിൽ മുങ്ങിയും ചേറ്റിൽ പൊങ്ങിയും
ചേറായ് മാറിയ പാവമീ മനുഷ്യരും
തമ്പുരാനും മുറുക്കുന്ന പെണ്ണും
ദൈവങ്ങളായങ്ങു വാണകാലം
കറുത്തൊരാ ചേറിനെ പച്ചയാം നെല്ലാക്കി
തമ്പ്രാന്റെ കിണ്ണത്തിലിട്ട കാലം
കറുത്തോരാ വാവിൽ കരഞ്ഞല്ലോ ചേറിനായ്
ചേറിനെ ചോറാക്കി ചോറില്ലാ പാവങ്ങൾ
മഴയത്തു ചോരുമാ ചെറ്റയിൽ
പൊലിഞ്ഞിതാ..
കരഞ്ഞു വറ്റിയ കണ്ണിനേ പോലുമേ
കാണുവാൻ കനിവവർക്കില്ലാത്ത കൂട്ടരെ..
എന്തൊരു നരകമീ നാട്ടിന്റെ ചേലയെ
പാവങ്ങൾ പോറ്റിയ വയറുകൾ കരയുന്നു.
ചേറിനെ ചോറാക്കി ചോറില്ലാ പാവങ്ങൾ
മഴയത്തു ചോരുമീ ചെറ്റയിൽ
പൊലിഞ്ഞിതാ............

അഭിനന്ദ്.കെ

# അതിജീവനത്തിൻ്റ പാത

2007 നവംബർ 23 ന് ഞാൻ ജനിച്ചു.അതിനുശേഷം ഞാൻ കണ്ടു   വളർന്നത് മാമ്മയുടെ മുഖമാണ് എനിക്ക് അച്ഛനും അമ്മയും ഇല്ല അവർ രണ്ടുപേരും എനിക്ക് വളരെ അധികം പ്രിയപ്പെട്ടവരായിരുന്നു.ഞാൻ ജനിച്ചിട്ട് എനിക്ക് ഇതുവരെ ഒരു സങ്കടവും ഉണ്ടായിട്ടില്ല.പക്ഷേ എന്റെ അമ്മ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ വിചാരിച്ചിട്ടുണ്ട് .എല്ലാവരും അവരുടെ അച്ഛന്റേയും അമ്മയുടെയും ഒപ്പം നടക്കുമ്പോൾ എനിക്ക് ആഗ്രഹം ഉണ്ടാവാറുണ്ട് പറഞ്ഞിട്ട് എന്താ കാര്യം ഈ കാര്യങ്ങൾ ഒന്നും നടക്കില്ല.എന്നെ തനിച്ചാക്കി എന്റെ മാമ്മൻ യാത്രയായി. മാമ്മയുടെ മരണം എന്നെ വല്ലാതെ ബാധിച്ചു.അതിനുശേഷം എന്നെ വളർത്തിയത് അച്ഛമ്മയും അച്ഛച്ചനും ആയിരുന്നു. അവർക്ക് വളരെയധികം പ്രായമുണ്ട്.ഞാൻ അവരെ സഹായിക്കാൻ എന്റെ വിദ്യാഭ്യാസം മുടക്കി ജീവിക്കാൻ വേണ്ടി പല ജോലികളും ചെയ്തു അവിടെ നിന്നെല്ലാം ഇറക്കി വിടുകയും അപമാനിക്കുകയും ചെയ്തു.അപ്പോഴാണ് എനിക്ക് മനസ്സിലായത് എന്റെ ജീവിതം ആരുടെയും ഔധാര്യമല്ല എന്റെ ജീവിതം എന്റെ സ്വാതന്ത്ര്യമാണെന്ന്.ഞാൻ ആരാവണം എന്ന് സമൂഹമല്ല തീരുമാനിക്കേണ്ടത് ഞാൻ തന്നെയാണ് അപ്പോഴാണെനിക്ക് മനസ്സിലായത് സമൂഹത്തിൽ നിലനിൽക്കണം എന്നുണ്ടെങ്കിൽ വിദ്യാഭ്യാസം എനിക്ക്നിർബന്ധമാണ് ഞാൻവിദ്യാഭ്യാസംതുടർന്നു.ഞാൻ ഇപ്പോൾ പഠിക്കുന്നത് ഒൻപതിലാണ്.ഞാൻ ഒരു വാശിയോടെ പഠിച്ചു. എനിക്ക് വലുതായി ഒരു വലിയ ഉദ്യോഗസ്ഥൻ ആവണമെന്നാണ് എന്റെ ലക്ഷ്യം.എന്റെ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് യാത്രയായി. ഞാൻകാത്തിരുന്ന നിമിഷംഎത്തുകയാണ്അങ്ങെനഇരിക്കയാണ് എന്റെജീവിതത്തിൽഞാൻഎത്തുവരാതിരിക്കാനാണോവിചാരിച്ചത് അതുതന്നെ വന്നു.

ആതിര, 7A

# അമ്മയുടെ സ്നേഹം

അമ്മയെ എനിക്ക് ഏറെ ഇഷ്ട്ടമായിരുന്നു.എനിക്ക് അമ്മയായിരുന്നു താരാട്ടുപ്പാട്ട് ചൊല്ലിതന്നിരുന്നത്.എനിക്ക് എന്റെ അമ്മയെ ജീവനായിരുന്നു.എന്റെ അമ്മക്കും എന്നെ ഇഷ്ട്ടമായിരുന്നു.അമ്മയ്ക്ക് വയസ്സായി ,എന്റെ അടുത്താണെങ്കിൽ പൈസ ഉണ്ടായിരുന്നില്ല.ഞങ്ങൾ ഒരു കൊച്ചുവീട്ടിലാണ് താമസിക്കുന്നത്.എനിക്ക് അച്ഛനില്ല.ഞാൻ ഭിക്ഷയെടുത്തും റോഡിൽക്കൂടി സാധനങ്ങളും പെറുക്കിയായിരുന്നു ജീവിച്ചിരുന്നത്.എനിക്ക് വേറെ ആരുമില്ലായിരുന്നു.അമ്മ മാത്രമാണ് ഉള്ളത്. ഞാൻ അമ്മയ്ക്കുവേണ്ടിയാണ് ഇങ്ങനെ കഷ്ട്ടപ്പെട്ട് പണിയെടുക്കുന്നത്.എന്റെ അമ്മയ്ക്ക് മരുന്നുകൾ വാങ്ങികൊടുക്കാൻ എനിക്ക് പനി വന്നപ്പോൾ പനിക്ക് പോവാൻ പറ്റിയില്ല.ഞങ്ങൾ ആകെ പട്ടിണിയായി.അമ്മക്കുപ്പോലും ഭക്ഷണം വാങ്ങിക്കൊടുക്കാൻ കഴിഞ്ഞില്ല.ഞാൻ ആകെ സങ്കടത്തിലായപ്പോൾ അമ്മ പറഞ്ഞു- മോനേ...വിഷിക്കണ്ട എന്ന്.അങ്ങനെ ഞങ്ങൾ ഒരു ഗ്ലാസ്സ് വെള്ളം കുടിച്ച് കിടന്നു.രാവിലെ ആയപ്പോൾ അമ്മയെ വിളിച്ചുണർത്തിയിട്ടും ഉണരുന്നില്ല.എനിക്ക് ആരെ വിളിക്കണം എന്നറിയില്ലായിരുന്നു.ഞാൻ ആകെ പേടിച്ചു.എനിക്ക് പരിചയമില്ലാത്ത ഒരു ഏട്ടനോട് ചെന്നു

കുട്ട്

പറഞ്ഞു.ഏട്ടൻ വന്നു ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ എത്തിയപ്പോഴേക്കും അമ്മ മരിച്ചിരുന്നു.പക്ഷെ അമ്മ എന്നോട് ഒരു കാര്യം പറഞ്ഞിട്ടാണ് പോയത്.”നീ നന്നായി വളരണം”എന്ന്.ആശുപത്രിയിൽ കൊണ്ടുപോകാൻ സഹായിച്ച ഏട്ടനോട് എന്റെ അമ്മ മരിച്ച പോയി എന്ന് ഞാൻ പറഞ്ഞു. ഏട്ടന് വിഷമമായി.അങ്ങനെ അമ്മയുടെ ഓർമ്മയുമായി ഒരുപാട് മാസം തള്ളി നീക്കി.

"അമ്മയാണെന്റെ ലോകം
എന്റെ ജീവൻ
എന്റെ സ്നേഹം
അമ്മയെന്റെ ദൈവമാണ്
ഞാൻ ഒരിക്കലും മറക്കില്ല"

പ്രിയപ്പെട്ട കൂട്ടുകാരേ,

അമ്മയാണ് നമ്മുടെ ദൈവം.അമ്മ വഴക്കുപ്പറയുന്നതും തല്ലുന്നതുമെല്ലാം നമ്മുടെ നന്മയ്ക്ക് വേണ്ടിയാണ്.അമ്മയോടുള്ള ദേഷ്യം ഒരിക്കലും ഒരു പ്രതികാരമായി മനസ്സിൽ വയ്ക്കരുത്.കാരണം അവർ നമ്മുടെ നന്മയ്ക്ക് വേണ്ടിയാണ് പറയുന്നത്.

Arya k.c
7.A

# കാടെവിടെ മക്കളേ

കാടെവിടെ മക്കളേ,കാറ്റെവിടെ മക്കളേ
കതിരിലാടും കുഞ്ഞിക്കുരുവികൾ ,
എവിടെന്റെ മക്കളേ.........
മാവെവിടെ മക്കളേ, മനമെവിടെ മക്കളേ
മുല്ലപ്പൂ മണമുള്ള ഓർമ്മകൾ
എവിടെന്റെ മക്കളേ..........
തണലെവിടെ മക്കളേ, തളിരെവിടെ മക്കളേ
തങ്കത്തിൻ നിറമുള്ള നെൽക്കതിരുകൾ
എവിടെന്റെ മക്കളേ..........

അനഘ.ഇ
10.A

ക്ട്

**CORONA VIRUS**

***ALL YOU NEED TO KNOW***

***Coronaviruses are a large group of viruse that are common among animals.In sart cases,they are what saentted from animals hums,***

## *SYMPTOMS*

. Runnynasc . sore throat . heaclache
. fever . cough . feeling of beingunwell

## HOW IT SPREADS

*. The ais by coughing and sneezing*
*. Close personal contact, such as touching or shaking hands*
*. Rarely, fecal contamination*

## *PREVENTION*

*. Washing yous hands often with soap and water*
*. Avoiding touching eyes, nose or mouth with unwashed hands*
*. Avoiding close contact with people who are sick*

***BY***

*ADIL BADUSHA*

## എന്ത് ഏന്തൊക്കെ എങ്ങനെ?????????

എലിയെ പിടിക്കാനും കടിക്കാനും തിന്നാനും പഠിച്ച കഴിഞ്ഞതോടെ കൊച്ച പൂച്ച വിചാരിച്ചു.എനിക്കിനിയൊന്നും പഠിക്കാനില്ല. മണിപ്പൂച്ച.....! മടിയൻ പൂച്ച...! .തള്ള പൂച്ച ഒരു ദിവസം അവളെ മരം കയറാൻ പഠിപ്പിക്കാനൊരുങ്ങി.അതിൽ താൽപ്പര്യമില്ലാതെ കൊച്ച പൂച്ച ചോദിച്ച ഞാൻ കയറുമ്പോൾ ചില്ലയൊടിയില്ലേ??.ചില്ല കയറാൻ അല്ല ഞാൻ നിന്നെ പഠിപ്പിക്കാൻ പോണത്.മരം കേറാനാ...

ഒത്ത മുകളിലെത്തിയാൽ പിന്നെ എന്തു ചെയ്യണം? കൊച്ച പൂച്ച ചോദിച്ചു."താഴേക്കിറങ്ങണം".പുഞ്ചിരിച്ച കൊണ്ട് തള്ളപൂച്ച പറഞ്ഞു. മുകളിലേക്ക് കയറിയിട്ട താഴേക്ക തന്നെ ഇറങ്ങണത്. നിൽക്കുന്നേടത്ത് തന്നെ നിൽക്കണതിന് സമമല്ലേ??.മരക്കേറ്റം പഠിക്കാനുള്ള മടി കാരണം കൊച്ച പൂച്ച ഇങ്ങനെ ഓരോന്ന് പറഞ്ഞ തർക്കിച്ച നിൽക്കുമ്പോൾ എവിടെ നിന്നോ പെട്ടെന്ന് ഒരു കുറ്റൻ നായ കുരച്ച കൊണ്ട് അവരുടെ നേർക്ക് ചാടി!!!!! തള്ളപൂച്ച ഉടൻതന്നെ അടുത്തുള്ള

മരത്തിന്മേൽ പാഞ്ഞു കയറി രക്ഷപ്പെട്ടു.മരണത്തേ പേടി ഉള്ളതു കൊണ്ട് കൊച്ച പൂച്ചയും അറിയാതെ മരത്തിലേക്ക് പാഞ്ഞു കയറി.

മരം കേറ്റം അറിയത്തതിനാൽ താഴെ വീഴുകയും ചെയ്തു. ഭാഗ്യമെന്നു പറയട്ടെ നായ അപ്പോഴേക്കും പോയിരുന്നു.നായ പോയപ്പോൾ ഇങ്ങനെ ആണ് ഇറങ്ങുന്നതെന്ന് കൊച്ചപൂച്ചയോട് തള്ള പൂച്ച പറഞ്ഞു.

എന്നിട്ട് തള്ള പൂച്ച താഴേക്കിറങ്ങി.തനിക്കിതൊന്നും പഠിക്കേണ്ടന്ന ഭാവത്തിൽ അന്ന് രാത്രി അത്താഴം കഴിച്ച് കൊച്ച പൂച്ച വേഗം ഉറങ്ങാൻ പോയി.പക്ഷെ ഉറക്കം വന്നില്ല .അവൾ ചിന്തിക്കാൻ തുടങ്ങി. ഇന്നലെത്തെ അറിവു പോരാ ഇന്നു ജീവിക്കാൻ. താൻ വളരുമ്പോൾ തന്റെഅറിവുംവളരുകയാണ്.ഇതൊക്കെകൊച്ചപൂച്ചഅനുഭവത്തിൽനിന്നുപഠിച്ചു

ഫാത്തിമാ ഷബനാസ്

## Famous Quotes of English Poets



"poety
lifts the veil from the hidden beauty of the world,
and makes familiar objects be as if they were not familiar"
-shelley

" Love is my religion
I could die for that
I could die for you"
-John Keats

" We want deeper sincerity of motive,
A greater courage in speech and earnestness in action"
-Sarojini Naidu

"To see the world in a grain of sand,
and to see heaven in a wild flower,
hold infinity in the palm of your hands,
and eternity in an hour."
-William Blake

"Go wisely and slowly.

Those who rush stumble and fall”
-William shakespeare

“Have something to say,
and say it as clearly as you can.
That is the only secret of style.”
-Mathew arnold


“A man is a success if he gets
up in the morning and gets to
bed at night,and in between
he does what he wants to do.”
-Bob Dylan


“Every man’s life ends the same way.
It is only in the details of how he lived
and how he died that distinguish one
man from another.”
- Ernest Hemingway


The little unremembered acts of kindness
and love are the best parts of a person’s life
-William Wordsworth
Some people feel the rain,
others just get wet
-Bob Marley

“People are strange
when you’re stranger.”
-Jim Morrison

# ജ്യാമിതീയ നിർമ്മിതികൾ







RESHMA TEACHER

# നെല്ലിക്ക അച്ചാർ



പാതയോരത്തുള്ള ഒരു കുറ്റൻ നെല്ലി മരത്തിലാണ് ഞാനും എന്റെ കൂട്ടുകാരും ഉണ്ടായിരുന്നത്. ഞങ്ങൾ സന്തോഷമായി കഴിയുന്ന കാലം. ഒരു ദിവസം അതു സംഭവിച്ചു. ഒരു മനുഷ്യൻ ഞങ്ങളുടെ മരത്തിൽ കയറി എന്നെയും എന്റെ കൂട്ടുകാരേയും പറിച്ചെടുത്തു. അയാൾ ഞങ്ങളെ ഒരു കടയിൽ കൊണ്ടുപോയി വിറ്റു. കടയിലെ കുട്ടയ്ക്കുള്ളിൽ പുറം കാഴ്ച്ചകൾ കണ്ടുകൊണ്ടിരിക്കെ ഒരു വീട്ടമ്മ വന്ന് എന്നെയും ഞങ്ങളിൽ ചിലരെയും പണം കൊടുത്ത് വാങ്ങിക്കൊണ്ടുപോയി. അവർ വീട്ടിലെത്തി സഞ്ചിതുറന്ന് ഞങ്ങളെ ഒരു വലിയ പാത്രത്തിലേക്കിട്ടു.വെള്ളമൊഴിച്ച് കഴുകി. “ദൈവമേ , ഇവർ എന്തിനുള്ള പുറപ്പാടാണ്? എനിക്ക് ഒരു പിടിയും കിട്ടിയില്ല. ഞാൻ ചുറ്റുപാടും കണ്ണോടിച്ചു. കത്തുന്ന അടുപ്പിനുമുകളിൽ ഒരു ചീനച്ചട്ടി ഇരിക്കുന്നു. വീട്ടമ്മ ഒരല്പ്പം എണ്ണ അതിലേക്ക് പകർന്നു. എണ്ണ ചൂടായപ്പോൾ അതിന്റെ മണം എന്റെ മൂക്കിൽ വന്നടിച്ചു. പിന്നെ സംഭവിച്ച കാര്യങ്ങൾ , ഹോ ! അത് ഓർക്കാനേ വയ്യ. അവർ  ഞങ്ങളെ ആ ചീനച്ചട്ടിയിലേക്കിട്ടു. ഞങ്ങളുടെ ശരിരമാകെ ചൂടേറ്റുപൊള്ളി. ചിലർ ഉറക്കെ നിലവിളിക്കുന്നുണ്ടായിരുന്നു. പക്ഷേ ആരു കേൾക്കാൻ ? ചട്ടുകം കൊണ്ടു ഞങ്ങളെ ഇളക്കി. ഏതാണ്ടു പാകം വന്നപ്പോൾ ഞങ്ങളെയെടുത്ത് മറ്റൊരു പാത്രത്തിലേക്കിട്ടു. ഞങ്ങളെ ഓരോരുത്തരെയായി കൈയിലെടുത്ത് ഞെക്കി കുരു വേർപ്പെടുത്തി. പിന്നീട് ഉപ്പും മുളകുപൊടിയും ചേർത്തിളക്കി. അല്പ്പം ഉലുവ വറുത്തുപൊടിച്ചിട്ടു. തുടർന്ന് എണ്ണ മൂപ്പിച്ചൊഴിച്ചു. പിന്നീട് ഞങ്ങളെ ഒരു ഭരണിക്കുള്ളിലാക്കി. ഞാനും എന്റെ കൂട്ടുകാരും ഇപ്പോൾ ഭരണിക്കുള്ളിൽ ശ്വാസംമുട്ടി നീറി നീറി കഴിയുകയാണ്. ഞങ്ങളുടെ വിധി, അല്ലാതെന്തു പറയാൻ ?........

അംകിത.ഒ.പി

കൂട്ട്

## ഔദ്യോഗികചിഹ്നങ്ങളിലെ ആപ്തവാക്യങ്ങൾ

1.सत्यमेव जयते

**ഭാരതസർക്കാറിന്റെ ഔദ്യോഗികചിഹ്നം. മുണ്ഡകോപനിഷത്തിലെ സത്യമേവ ജയതേ എന്ന മന്ത്രഭാഗം ദേവനാഗരിലിപിയിൽ ആലേഖനം ചെയ്തിരിക്കുന്നു.**

2.सर्वदा गगने चरेत्

**ഭാരതീയ വായു സേനയുടെചിഹ്നത്തിൽ സർവദാ ഗഗനേ ചരേത് എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്തിട്ടിരിക്കുന്നു.**

3.यतो न्याय: ततो जय:

**ഭാരതീയ സായുധ സേനയുടെ മുഖമുദ്രയിൽ യതോ ന്യായ: തതോ ജയ: എന്ന് ആലേഖനം ചെയ്തിരിക്കുന്നു.**

4.शं नो वरुण:

**ഭാരതീയ നാവിക സേനയുടെ ചിഹ്നത്തിൽ ശം നോ വരുണ: എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്തിരിക്കുന്നു.**

5.मृदु: भावे दृढ: कृत्ये

**കേരള പോലീസ് സേനയുടെ മുഖമുദ്രയിൽ മൃദു: ഭാവേ ദൃഢ: കൃത്യേ എന്ന് ദേവനാഗരിയിൽ ആലേഖനം ചെയ്തിരിക്ക്ന്നു.**

6.ज्ञानादेव तु कैवल्यम्

**കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയുടെ ഔദ്യോഗികചിഹ്നത്തിൽ ജ്ഞാനാദേവ തു കൈവല്യം എന്ന് ആലേഖനം ചെയ്തിരിക്കുന്നു.**

7.बलस्य मूलम् विज्ञानम्

**പ്രതിരോധമന്ത്രാലയത്തിന്റെ ഔദ്യോഗികചിഹ്നത്തിൽ ബലസ്യ മൂലം വിജ്ഞാനം എന്ന് ആലേഖനം ചെയ്തിരിക്കുന്നു.**

8.बहुजनहिताय बहुजनसुखाय

**ആകാശവാണിയുടെ ഔദ്യോഗികചിഹ്നത്തിൽ ബഹുജനഹിതായ ബഹുജനസുഖായ എന്ന് ആലേഖനം ചെയ്തിരിക്കുന്നു.**

9.सत्यम् शिवम् सुन्दरम्

**ദൂരദർശന്റെ ഔദ്യോഗികചിഹ്നത്തിൽ സത്യം ശിവം സുന്ദരം എന്ന് ആലേഖനം ചെയ്തിരിക്കുന്നു.**

10.यतो धर्मस्ततो जय:

**പരമോന്നതന്യായപീഠത്തിന്റെ (സുപ്രീം കോടതി) ഔദ്യോഗികചിഹ്നത്തിൽ യതോ ധർമ്മസ്തതോ ജയ: എന്ന് ആലേഖനം ചെയ്തിരിക്കുന്നു.**

**കൃഷ്ണപ്രിയ.വി,1OA**
**10.A**

बाये सॆ दाये की ऒर ऎक अर्थ

दायै सॆ बायॆ की ऒर दूसरा अर्थ

| | |
|---|---|
| **नया -यान** | **खरा -राख** |
| **दया -याद** | **गज -जग** |
| **नाम -मना** | **गया -याग** |
| **हरा -राह** | **जल -लज (लज्जा)** |
| **नाटक -कटना** | **टल -लट** |
| **नम -मन** | **ताल -लता** |
| **रह -हर** | **चार -रचा** |
| **चना -नाच** | **मर -रम** |
| **रस -सर** | **जब -बज** |
| **नदी -दीन** | **जरा -राज** |
| **हार -राह** | **तल -लत** |
| **कूडा -डाकू** | **पल -लप** |
| **डाक - कडा** | **लवा -वाल** |
| **भला -लाभ** | **कामना -नामक** |
| **ताप -पता** | |

**MUHAMMED YASIN C**

# സ്നേഹനിധിയായ അമ്മ

എന്റെ സ്നേഹം മുതാതീകളിലെല്ലാം
എന്റെ ഉള്ളിൽ സ്നേഹിച്ചിടാൻ
എന്നുമെന്നും എന്നെ കാത്തിടാൻ
എന്നുമുണ്ടെന്റെ പെറ്റമ്മതൻ
ഉള്ളിലെ സങ്കടത്തെ എന്റെ
മുന്നിന്നെടുത്തുകളഞ്ഞ്
ഇല്ലാത്ത ചിരിയും പ്രതിഭാസവും
പുഞ്ചിരിയും എന്റെ മുന്നിൽ
കാണിച്ച കൊണ്ടിരിക്കുമെന്നും
പിന്നാലെ നടന്ന് ചോറും
ചോറും പഴവും പാലും
തന്നിട്ടെന്നെ സ്നേഹിച്ചിടുന്നു.
എന്റെ അമ്മ എന്നെ
കുറിച്ചേർത്ത് ആർത്തുല്ലസിക്കും
നാം വലുതായി പഠിച്ച്
വീടും കാറുകളുമൊക്കെ
വാങ്ങി നമ്മുടെ അമ്മയെ
നമ്മൾ മറന്നീടും
ഇത്രയും വളർത്തി വലുതാക്കിയ
അമ്മയെ മറന്നീടും.

ആദിഷ് എ കെ,7B

## യഥാർത്ഥ മനുഷ്യത്വം

പതിവുപോലെ അയാൾ ഇന്നു തനിക്ക് ജോലികിട്ടുന്നതായി
സ്വപ്നം കണ്ടു.
സ്വപ്നത്തിൽ അയാൾക്ക് വലിയൊരു കമ്പനിയിൽ ഇന്റർവ്യൂ
ആണ്.ഇന്റർ-
വ്യൂന് ശേഷം അയാൾ തന്റെ റിസൾട്ടിനായി കാത്തുനിൽ
ക്കുകയാണ്.
മാനേജർ അയാളെ തന്റെ ഓഫീസിലേയ്ക്ക് ക്ഷണിച്ചു.
മാനേജരുടെ മുന്നിലു-
ള്ള ആ വലിയ കസേരയിൽ അയാൾ ഇരുന്നു.തന്റെ
മുന്നിലുള്ള ഫയൽ
തുറന്ന് മാനേജർ അതിലൂടെ കണ്ണോടിച്ചു.അങ്ങനെ ഇന്റർ
വ്യൂന്റെ റിസൾട്ട്
പറയാൻ തുടങ്ങിയപ്പോഴേക്കും ഒരു അശുഭകരമായ ശബ്ദം
കേട്ട് അയാൾ
സ്വപ്നത്തിൽ നിന്നും ചാടി എഴുന്നേറ്റു.വാതിൽ തുറന്നതും
നികൃഷ്ടജീവിയെ
പോലെ നിൽക്കുന്ന ഒരു മനുഷ്യൻ കൂർത്ത നഖങ്ങളും നീട്ടി
വളർത്തിയ
താടിയും ജഡപിടിച്ച മുടിയും വലതു കൈയ്യിൽ സഞ്ചിയും
അതിനുള്ളിൽ

***കുറിപ്പുകളും ആകെയൊരു വശക്കേട്.ഇന്നത്തെ തന്റെ***
***കെണി മോശമായ-***
***തിനാൽ അയാൾ ആ പഴയതെടുക്കുന്നയാളെ ചീത്ത വിളിച്ചു***
***.അയാൾ***
***വീട്ടിനുള്ളിലേക്ക് കയറിപ്പോയി.പെട്ടന്നാണ് അയാൾക്ക് ഓർ***
***മ്മ വന്നത്.***
***അയാൾ തന്റെ ബാഗുമായി ധൃതിയിൽ പുറത്തേക്ക്***
***പാഞ്ഞു.കുറേ വളവു-***
***തിരിവുകൾക്കു ശേഷം അയാൾ താൻ ഉദ്ദേശിച്ച***
***സ്ഥലത്തെത്തി.വീടിന്റെ***
***ഗേറ്റ് തുറന്ന് അയാൾ കോളിംഗ് ബെല്ല് അടിച്ചു.വീട്ടുടമസ്ഥൻ***
***വന്നപ്പോൾ***
***അയാൾ തന്റെ കൈയ്യിലിരുന്ന പണം അയാൾക്ക് നൽകി***
***.ഈ മാസത്തെ***
***വാടകയായിരുന്നു അത്.വാടകയെല്ലാം കൊടുത്തു***
***കഴിഞ്ഞപ്പോൾ അയാ-ളുടെ കൈയ്യിൽ ബാക്കി ആയിരം രൂപ***
***ഉണ്ടായിരുന്നു അതുമായി അയാൾതിരികെ***
***നടക്കുന്നതിനിടയിൽ ഒരാളവന്ന് ആ ബാഗ് തട്ടിപ്പറിച്ചു***

കൂട്ട്

. അയാൾ ഏറെ പരിശ്രമെച്ചങ്കിലും കള്ളനെ പിടിക്കാനായില്ല
. അയാൾ
തനിക്കറിയാവുന്നവരോട് പറയാൻ വേണ്ടി ഫോണിൽ വിളിച്ചു
.
എന്നാൽ അയാൾ കടെ ചോദിക്കുമെന്ന ഭയത്താൽ ആരും
തന്നെ ഫോൺ
എടുത്തില്ല . അയാളുടെ പുറത്ത് ഒരു കൈ വന്നു വീണു
. അയാൾ
പരിഭ്രമിച്ചു തിരിഞ്ഞു നോക്കിയപ്പോൾ രാവിലെ കണിക്കണ്ട
ആ നികൃ-
ഷ്ട മനുഷ്യൻ . അയാളുടെ കൈയ്യിൽ താൻ നഷ്ടപ്പെട്ടു എന്ന്
കരുതിയ
ബാഗ് കണ്ടപ്പോൾ അയാൾക്ക് സന്തോഷമായി . ആ ബാഗ്
തന്നെ
ഏൽപിച്ചുകൊണ്ട് അയാൾ തിരിഞ്ഞു നടന്നു . അയാൾക്ക്
വേണമെങ്കിൽ
ആ ബാഗ് എടുക്കാമായിരുന്നു . ആരും അറിയാൻ പോവുന്നില്ല
.
എന്നാൽ അയാളുടെ മനുഷ്യത്വം അതിനു അനുവദിച്ചില്ല .

-

സൂര്യകൃഷ്ണ 10A

# കാലത്തിന്റെ ഗതി


പഴയതിന്റെ പുതുമയും
പുതിയതിന്റെ പഴമയും

പുതിയതിനെയവൻ നൃൂജൻ ആക്കി
പഴയതിനെ പഴഞ്ചനായുമാക്കി

പഴയൊരു വാക്കങ്ങനെ നൃൂജനായി

-ആദിൽ ബാദുഷ 10 A

# കഥകളി



കൂട്ടുകാരെ,നിങ്ങൾ കഥകളി കണ്ടിട്ടുണ്ടോ? ലോകമെങ്ങും പ്രചാരം നേടിയ ഒരു ഉത്തമ കേരളീയകലയാണ് കഥകളി. ചാക്യാർകൂത്തിന് മിഴാവ് കൊട്ടുമ്പോൾ ഉറക്കം തൂങ്ങിയ നമ്പ്യാർ ഓട്ടൻതുള്ളൽ എന്ന കലാരൂപത്തിന് കാരണമായതുപോലെ  കഥകളിയുടെ തുടക്കത്തിന്

പിന്നിലും ഒരു കഥയുണ്ട്.

വടക്കൻ കേരളത്തിൽ പ്രചാരത്തിലിരുന്ന കൃഷ്ണനാട്ടം എന്ന കലാരീപം കാണണമെന്ന് കൊട്ടാരക്കര തമ്പുരാന് മോഹം തോന്നി. തമ്പുരാൻ കോഴിക്കോട് സാമൂതിരിയുടെ അടുത്തേക്ക് ഒരു സേവകനെ അയച്ചു. ഈ കലാരൂപം കാണുന്നതിന് ഒരു കൃഷ്ണനാട്ട സംഘത്തെ കൊട്ടാരക്കരയിലേക്ക് അയക്കണമെന്നായിരുന്നു കൊട്ടാരക്കര തമ്പു-
രാന്റെ കൽപ്പന. എന്നാൽ ഈ കലാരൂപം ആസ്വാദാക്കുന്നതിനുള്ള അറിവ് കൊട്ടാരക്കര തമ്പുരാനില്ല എന്ന് സാമൂതിരി അദ്ദേഹത്തെ ആക്ഷേപിച്ച് സേവകനെ മടക്കിവിട്ടു. ഇതിൽ ദേഷ്യം തോന്നിയ കൊട്ടാരക്കര തമ്പുരാൻ രാമനട്ടം എന്ന കലാരൂപം ഉടനെ ആരംഭിക്കു-
കയും ചെയ്തുവത്രേ; ഈ കലാരൂപമാണ് പിന്നീട് കഥകളിയായി പരി-
ണമിച്ചത്.

കളിവിളക്കിന്റെ  പ്രകാശത്തിൽ പച്ച, കത്തി,കരി,താടി,മിനുക്ക് എന്നീ  വേഷങ്ങൾ പാട്ടുകാർ പാടുന്നതനുസരിച്ച് വിവിധ ആംഗ്യ മുദ്രക-
ശിലൂടെ പാട്ടിലെ കഥ അഭിനയിച്ച് കാണിക്കുന്നു.24 ആംഗ്യ മുദ്രകളാണ് കഥകളിലുള്ളത്.പാട്ടുകാര്താളംപിടിക്കുന്നചേങ്ങില,ചെണ്ട,മദ്ദളംഎന്നീവാദ്യോപകരണങ്ങളാണ്  കഥകളിയിലുള്ളത്. സംഗീതം, സാഹിത്യം,വായ്പ്പാട്ട്, ഉപകരണ പ്രാധാന്യമുള്ള ഒരു മികച്ചകലാരൂപമാണ് കഥകളി.

മൃദുന്യ മുകേഷ്

# കരിയിലക്കിളി

മഞ്ചാടിക്കുന്നിലെ ഒരു കൊച്ചുമരച്ചില്ലയിൽ പതിവുപോലെ ഇന്നും അവൾ  സങ്കടപ്പെട്ടിരിക്കുകയാണ്.ഈ സങ്കടത്തിനു കാരണം അവൾ തന്റെ നിറത്തെ ഒട്ടും തന്നെ ഇഷ്ടപ്പെട്ടിരുന്നില്ല.മഞ്ചാടിക്കുന്നിലെ മറ്റു പക്ഷികളെ കാണുമ്പോൾ തന്റെ  ചാരനിറത്തെ അവൾ പഴിച്ചിരുന്നു.തന്റെ കൂട്ടക്കാർക്കെല്ലാം എത്ര മനോഹരമായ തൂവലുകളും നിറവുമാണ്.ഈ ചിന്ത എന്നും അവളെ അലട്ടിയിരുന്നു. കൂട്ടകാരോടൊത്ത് തീറ്റതേടി പോകുമ്പോൾ അവൾക്ക് അവരോടൊപ്പം കൊത്തിപെറുക്കാൻ മടിയായിരുന്നു.കാരണംഅവർ അവളെ നിറത്തിന്റെ
പേരിൽ കളിയാക്കിയിരുന്നു.എന്നെത്തേയും പോലെ ഇന്നും അവൾ കൂട്ടുകാരോടൊപ്പം ഭക്ഷണം തേടിപ്പോയി.കൊത്തിപെറുക്കി നടക്കുന്നതിനിടയിൽ തന്റെ സൗന്ദര്യത്തിൽ അഹങ്കാരികളായിരുന്ന കിളികൾ അവളോടു പറഞ്ഞു."സൗന്ദര്യവതികളായ ഞങ്ങൾക്ക് നിന്റെ കൂടെ നടക്കാൻ വളരെ അപമാനകരമാണ്".ഇത് കേട്ടപ്പോൾ ദേഷ്യം വന്നഅവൾ അവരോടായി പറഞ്ഞു
ഇനിമുതൽഞാൻനിങ്ങളോടൊപ്പംകൂട്ടുകൂടുകയില്ല. ഇതും പറഞ്ഞ് അവൾ ദൂരേക്ക് ഭക്ഷണം തേടി-
പറന്നു പോയി. പക്ഷെ അപ്പോഴും അവളുടെ മനസ്സ് മുഴുവൻ കൂട്ടുകാരോട് താൻ ചെയ്തത് തെറ്റായിരുന്നോ? എന്നായിരുന്നു.

അൽപ്പസമയം കഴിഞ്ഞ് തന്റെ തെറ്റ് മനസ്സിലാക്കിയ അവൾ തിരികെ അവരുടെ അടുത്തേക്ക് പോയി. അവരുടെ അടുത്തേക്ക് പതിയെ നടന്നു ചെല്ലുന്നതിനിടയിൽ പെട്ടെന്ന് എല്ലാ പക്ഷികളും പറന്നു പോയി.
തന്നോടുള്ള ദേഷ്യം കാരണമാണ് അവർ പറന്നുപോയതെന്നു കരുതിയ അവൾ അപ്പോഴാണ് ആ കാഴ്ച കണ്ടത് .ഒരു വേട്ടക്കാരൻ നടന്നു വരുന്നു.
ഇതോടുകൂടി തന്റെ ജീവിതം അവസാനിച്ചു എന്ന് കരുതി അവൾ പേടിച്ചു.പക്ഷെ വേട്ടക്കാരൻ അവളെ മറികടന്ന് പോയതിനുശേഷമാണ് ആ സത്യം അവൾക്ക് മനസ്സിലായത്. കരിയിലകൾക്കിടയിൽ നിന്നിരുന്ന അവളെ അയാൾ കണ്ടില്ല. ആ നിമിഷം തന്റെ നിറത്തേയോർത്ത് അവൾ അഭിമാനിച്ചു.
ദൈവത്തോട് നന്ദി.....!പറഞ്ഞ് സന്തോഷിവതിയായി അവൾ പറന്നകന്നു.

**DEVIKA.K**

## Indian Nobel Prize Winner in Physical science

### 1.Sir Chandraselchara Venkata Raman

Sir cv Raman was the First indian physicist to win a nobel prize in 1930 his work was on the scatering of right and for he discovery of the Raman effect.

### 2.Subramanyan chandrashekhar

He made india proud by winning nobel prize in physics in 1983 for theoetrical studies of he physical process of impostand to the structure and evolation of the stars he sharel hod away with william alfred fowler.


Venkatraman .Ramakrishnan

He Received he nobel prize in chemistry.for studies of he structure and function of he ribosome.he shared he award with thomas A steity and ada E Yonadh.....

Hiba Sherin .A

X:B

## *RIDDLES*



I live in water.
I have gills.
I can swim.
Who am i ?
FISH

I am a fruit.
I am sweet.
I have a big nut in me.
Who am i ?
MANGO

I am a vegetable.
I am bitter.
My body is not smooth.
Who am i ?
TOMATO

I am see in festival grounds.
I am very big.
I make creaking sound.
People ride on me.
Who am i ?
ELEPHANT

I am a vehicle.
I am big.
I am used to carry loads.
I can run only on land.
Who am i ?
LORRY

I am an animal.
I am faithful.
I can bark.
Who am i ?
DOG

AISWARYA

# പള്ളിക്കൂടം..




നിനവുകൾ തഴുകിയുണർത്തുമാ
പാതയിലൂടൊരുനാൾ നടന്നു............
ഇടമുറിയാതണയുന്ന തെന്നലായി
കൂടെ നടന്നണഞ്ഞു ഓർമ്മകൾ..........
ഒരു മഷിതണ്ടിന്റെ ലോലമാം
മൃദുസ്പർശം , അതിന്റെ മണവും......
പൊട്ടിയ സ്ളേറ്റിൽ പതിഞ്ഞ
ഇടറും അവ്യക്തമാമക്ഷരങ്ങൾ...........
ഓരോ ബെൽ നാദവും ആശ്വാസത്തിൻ
നെടുവീർപ്പുകളായ്..........
ആഘോഷത്തിൻ പൂത്തിരിയായ്
ഇണങ്ങിയും പിണങ്ങിയുമേറെനാൾ....

***JINSHA.M***
***10B***



## ഓർമ്മയിലേക്ക്

ഓർമമകൾക്കുമോപാതയോരങ്ങളിൽ.........
താനെ തളിർത്തുപന്തലിച്ച
നനവാർന്നൊരോർമ്മകൾ........

ഇടവഴിയിലൊരു കാലൊച്ചയണഞ്ഞതെൻ
മൗനതാരിൽ.....................
ആദ്രമായൊരു പൂന്തെന്നലലിഞ്ഞുപോൽ
മൗനം തിരിനീട്ടിനിന്ന നിൻ പുഞ്ചിരി

പൊയ്ക്കണ്ണിണ്ണകളായ്ക്കുറിക്കുകൊള്ളവെ.....
ആമോദമുൾപ്പുൾപ്പുളകമായറിഞ്ഞതും
ഒരു താഴ്വരയിലൂടുയർന്നുപോയി

മനം.....................

ANJANA P

# മകന്റെ വാക്കുകൾ

ഒരു കൊച്ചു ഗ്രാമത്തിൽ പാവപ്പെട്ട മനുഷ്യനുണ്ടായിരുന്നു.അദ്ദേഹ-ത്തിന് ഭാര്യയും ഒരേ ഒരു മകനുമുണ്ടായിരുന്നു.അവന്റെ പേര് റാഫി എന്നായിരുന്നു.അവന്റെ അച്ഛന് കൃഷിപ്പണിയായിരുന്നു ജോലി.ഒരു ദിവസം അച്ഛന്റെ കൂടെ കൃഷിസ്ഥലത്തേയ്ക്ക് അവനും പോയി.തന്റെ അച്ഛൻ പണിയെടുത്ത് ക്ഷീണിക്കുന്നതുകണ്ട് അവൻ ദുഃഖത്തോടെ ഒരു മരത്തണലിൽ ഇരിക്കുകയായിരുന്നു.കുറച്ച് നേരം കഴിഞ്ഞപ്പോ-
ൾ ആ കൃഷിയുടെ മുതലാളി അതു വഴി വന്നു.മുതലാളി കണ്ടക്കാഴ്ച്ച റാഫിയുടെ അച്ഛൻ അവിടെ ഇരിക്കുന്നതായിരുന്നു.മുതലാളി വന്ന് അച്ഛനെ വഴക്ക് പറഞ്ഞു.അച്ഛൻ മുഖം താഴ്ത്തിയിരുന്നു.റാഫിയ്ക്ക് വള-രെയധികം സങ്കടം തോന്നി.മുതലാളി പോയി അൽപം കഴിഞ്ഞ-പ്പോൾ റാഫിയുടെ അടുത്ത് അച്ഛൻ വന്നിരുന്നു.അച്ഛൻ റാഫിയോട് ചോദിച്ചു.നിന്റെ മുഖമെന്താ വാടിയിരിക്കുന്നത്.ഒന്നുമില്ല അച്ഛാ.. എന്തിനാണ് അച്ഛനെ ചീത്ത പറഞ്ഞത്.ഞാൻ പണിക്കാരൻ അല്ലോ അദ്ദേഹം മുതലാളിയും. മുതലാളികൾ തൊഴിലാളികളെ സഹായിക്കുകയെല്ലേ വേണ്ടത് അച്ഛാ...അതെ, പക്ഷെ ഓരോരു-ത്തർക്കും ഓരോ മനസ്സല്ലേ.അച്ഛാ ഞാൻ വലുതായിട്ട് പാവങ്ങളെ സഹായിക്കും.ഇത് എന്റെ വാക്കാണ്.

-അഫിൻ.പി ,5A

# ആകാശദ്വീപ്

അന്തിച്ചുവപ്പിന്റെ ചന്തം തുടുത്തൊരാ-
സിന്ദൂര സായാഹ്ന സന്ധ്യ
അന്തിതിരികൾ തെറുത്തുകൊളുത്തിയ
ദീപനാളം പോലെ സൂര്യൻ

പയ്യെ വെള്ളിക്കിണ്ണം പോലെവന്നവാ ചന്ദ്രനും
കൂടെ മിന്നിതിളങ്ങും താരകറാമിമാരും
ആകാശദ്വീപിലെ നിലാവിന്റെ പാൽച്ചിരി
ചിന്നിചിതറുന്നവർ ഭൂമിമേലെ
എന്തു സുന്ദരമീ വിണ്ണിൻ സൃഷ്ടികൾ
കുളിർമ്മയേകുന്നവെന്നമെൻ  കുഞ്ഞുമിഴികൾക്കായ്.

സൂര്യകൃഷ്ണ.ഒ.ടി,ദേവിക.കെ
10.A

# അക്കുവും മിക്കുവും

ഒരു വീട്ടിൽ ഒരാൾക്ക് രണ്ട് പൂച്ചകൾ ഉണ്ടായിരുന്നു.തന്റെ മക്കളെ പോലെയായിരുന്നു അയാൾ അവരെ സ്നേഹിച്ചത്.താൻ എവിടെ പോകുമ്പോഴും അവരെ കൊണ്ടുപോവുമായിരുന്നു.അവരുടെ പേര് അക്കു,മിക്കു എന്നായിരുന്നു.അക്കു നല്ല സ്നേഹമുള്ളവനായിരുന്നു. എന്നാൽ മിക്കു കുബുദ്ധിയുള്ളവനാണ്.മുതലാളിയുടെ മുന്നിൽ നല്ലവനാണ് എന്ന് പറയാൻ  വേണ്ടി അവൻ ഒരുപാട് കഷ്ട്ടപ്പാട് സഹിച്ചു.എന്നാൽ അക്കുവിന്റെ മനസ്സ് നല്ലതായതു കൊണ്ട് അവനായി-രുന്നു എല്ലാ കാര്യത്തിലും മിടുക്കൻ.എന്നാൽ അക്കുവിനെ തനിക്ക് ഉപേക്ഷിച്ച് കിട്ടിയതാണെന്നും താനാണ് അദ്ദേഹത്തിന്റെ യഥാർത്ഥ സുഹൃത്ത് എന്നും മിക്കു പറഞ്ഞു.അക്കുവിന്റ് മനസ്സ് വേദനിപ്പിച്ചു.ഒരു-ന്നാൾ മുതലാളിയവരെ രണ്ടുപേരെയും കൊണ്ട് ഒരു കാട്ടിലേക്ക് വേട്ടയാ-ടാൻ പോയി.എന്നാൽ അവിടെ വെച്ച് ഒരു കരടിയുമായി ഏറ്റുമുട്ടുകയും അവർ മൂന്ന് പേരും മൂന്നുവഴിയിലായി.അക്കു തന്റെ യജമാനനെ തിരിയു-വാൻ ശ്രമിച്ചു.ഒരു ദിവസത്തിന് ശേഷം മിക്കുവിന്റെ മനസ്സിൽ യജമാ-നന് എന്ത് പറ്റി എന്ന വേവലാതി വരാൻ തുടങ്ങി.അവിടെ വെച്ച് തന്റെ കൂട്ടുകാരനായ ലല്ലുവിനെ കണ്ടുമുട്ടി.തന്റെ പ്രശ്നങ്ങൾ അവനോട് തുറന്നു പറഞ്ഞു.ലല്ലു യജമാനനെ കാട്ടിൽ വെച്ച് കണ്ടകാര്യം പറഞ്ഞു.യജമാന-നെ തിരഞ്ഞു പോകാൻ മിക്കു തീരുമാനിച്ചു.ലല്ലുവിനോട് യാത്ര പറഞ്ഞ് ഇറങ്ങി.കാടിന്റെ നടുവിൽ എത്തിയപ്പോൾ അക്കുവും മിക്കുവും കണ്ടുമുട്ടി. കാട്ടിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടാൻ വേണ്ടി അക്കു മിക്കുവിന്റെ കൂടി.അവർ രണ്ടുപോരും ചേർന്ന് യജമാനനെ കണ്ടുപിച്ചു.

**STEPHIN,10A**

الحكم والامث

* من يحب الشجرة يحب اغصانها

* اولالغضب جنون واخره ندم

* خير المور اوسطها

* اصبر مفتاح افرح

من صبر ظفر

* اصبر حيلة من الحيلة له

* لسان الغاقل وراء قلبه

احمق وراء لسانه

* ان بيتا يخلق من كتاب هوبيت بلارو

*كلما ازدادت ثقافةالمرءازدادبؤسة

* الايحزنك انك فشلت مادمت تحاول

اوفوق غلا قد ميك من جديد

* ليس القوي من يكسب الحرب دائما

وانما الضعيف من يخسر اسلام داما

_afeefa

## കുട്ട്



## സ്വാതന്ത്ര്യപുലരിയിൽ

ഇന്ത്യക്കാർ നമ്മൾ

ക്കിന്നാന്ദംനല്കുന്ന

സ്വാതന്ത്ര്യപൊൻദിനം

വന്നുചേർന്നു.ആഗസ്റ്റ് മാസം പതിനഞ്ചിന്നാഹ്ലാദമെങ്ങുമാലയടിച്ചാർ-

ത്തീടട്ടെ....നാടിന്റെ നാനാ ഭാഗങ്ങളിൽ നാട്ടീടാം

സാഭരം മൂവർണ്ണ പൊൻ കൊടികൾ

ആ പൊൻ കൊടികൾക്കു മുമ്പിൽ നമിച്ചു കൊണ്ടൊ-

പ്പാ മെടുക്കാം ദൃഡപ്രതിജ്ഞ

സ്വാതന്ത്ര്യം എന്നെന്നും കാത്തുസൂക്ഷിച്ചീടും

സത്യം സമത്വം സാഹോദര്യവും

ജാതി മതവർഗ്ഗ ഭേതങ്ങളില്ലാതെ

ജ്ഞാനികളായെന്നും വർത്തിച്ചീടും

വെൽക സ്വാതന്ത്ര്യമേ വെൽക സ്വാതന്ത്ര്യമേ...

വെൽക നീ സ്വാതന്ത്ര്യ പൊൻ ദിനമേ... ATHUL

_അതുൽ

# ഹൃദയാമൃതം



**ആകാശ വാർമയിൽ പോലെ**
**നീ എന്നിൽ തഴുകവേ**
**ആർദ്രമായ് എൻ ഹൃദയം**
**നിൻ നെഞ്ചിൽ പതിഞ്ഞു.**
**അകലെയായ് ആകാശം**
**ശമിപിച്ചു.അനശ്വരമായി**
**നീ എന്നിൽ പെയ്തു.**
**കാലമെന്നിൽ കുരുത്ത**
**പൂവാണ് നീ.**
**അകലേക്ക് മായുന്ന**
**വാർമയിൽ സ്വപ്നമാണ നീ..**

**അഭിരാമി**
**8.B**

# ജീവശാസ്ത്രം

## ചില ഔഷധ സസ്യങ്ങൾ

*അക്കരംക്കൊല്ലി
*അശോകം
*അരളി
*അത്തി
*അതിവിയം
*അഘോരി

* ആഞ്ഞിലി
*ആനക്കുവ
*ആഴാന്ത
*ആറ്റുനൊച്ചി
* ആറ്റുചാമ്പ
*ആനമുള്ള്

* ഇഞ്ച
*ഇഞ്ചിപ്പുല്ല്
*ഇടംപിരിവലംപിരി
*ഇലവ്
*ഇലഞ്ഞി
*ഇരവി
*ഇരട്ടിമധുരം
*ഇല്യമ്പി

* ഈന്തപ്പന
*ഈറ്റ
*ഈശ്വരമുല്ല
*ഈശ്വരമൂലി
* ഈന്ത്
* ഈട്ടി
* ഈങ്ങ

*ഉങ്ങ്

*ഉന്നം

*ഉമ്മം

*ഉലുവ

* ഊരം

*ഊരകം

* ഊർപ്പണം

*എണ്ണപ്പന

*എരച്ചുകെട്ടി

*എലിമരം

*എല്ലൂറ്റി

*എള്ള്

* ഏലം

* ഏകനായകം

*ഏഴിലംപാല

*ഐവിരലിക്കോവ

*ഒക്ടോപസ്ബുഷ്

*ഒടിയമടന്ത

*ഒട്ടുക്ക്

*ഒട്ടകമുള്ള്

*ഒതളം

*ഓടമരം

*ഓടൽ

*ഓരില

*ഓറഞ്ച്

# രാത്രി വീണ പുഷ്പം

ഒരിടത്തെ ഒരു ഗ്രാമീണ പെൺകുട്ടിയായിരുന്ന ചിന്നുവിന്റെ കഥയാണിത്. അച്ഛനോ അമ്മയോ ഇല്ലാത്ത അവൾക്ക് സ്വന്തമെന്നു പറയാൻ ഉണ്ടായിരുന്നത് ഒരു മുത്തശ്ശിയായിരുന്നു. മുത്തശ്ശിയുടെ വിധവാപെൻഷൻ കൊണ്ടാണ് അവർ ഭക്ഷ്യവസ്തുക്കൾ വാങ്ങിയിരുന്നത്. അവർക്ക് വിദ്യാഭ്യാസം ഇല്ലായിരുന്നു. സമ്പത്തും സൗന്ദര്യ-
വുമില്ലാത്ത അവളെ, ആ നാട്ടിലുള്ള ഒരു കുട്ടിപോലും കളിക്കാൻ കൂട്ടിയിരുന്നില്ല. ഇത് കാണുമ്പോൾ അവളെ-യോർത്ത് മുത്തശ്ശിക്ക് വിഷമം വരും. അവളെ സന്തോഷി-പ്പിക്കാൻ ഗുണപാഠമുള്ള നല്ല കഥകൾ അവൾക്ക് അ-പ്പോഴവൾക്ക് സന്തോഷമാവും. ദിവസങ്ങൾ പോകുന്തോറും മുത്തശ്ശിയുടെ അവസ്ഥ വല്ലാതെയായി. മരുന്നു വാങ്ങാൻ കാശില്ലാതെ വന്നപ്പോൾ ചിന്നു വീട്ടുജോലിയെടുക്കാൻ ഗ്രാമത്തിലുള്ള ഒരു പണക്കാരന്റെ വീട്ടിലേക്ക് പോയി.

പക്ഷെ മുത്തശ്ശിക്ക് അവൾ കഷ്ടപ്പെടുന്നത്
സഹിക്കില്ലായിരുന്നു.എന്നാലും വേറെ നിവൃത്തി
ഇല്ലാത്ത-
തിനാൽ മുത്തശ്ശിയും അതിന് സമ്മതം മൂളി.അവിടത്തെ
പൂന്തോട്ടം നനയ്ക്കുക എന്നതായിരുന്നു അവളുടെ പ്രധാന
ജോലി.രാവിലെ മുതൽ വൈകുന്നേരം വരെയാണ്
അവളുടെ ജോലി സമയം.വൈകുന്നരം മുതലാളി 100 രൂപ
നൽകും. ഈ പണം കൊണ്ട് മുത്തശ്ശിയ്ക്ക് അവൾ മരുന്നു
വാങ്ങി. എന്നിരുന്നാലും അവളുടെ വിധിയെന്ന് പറയാം,
ഒരു ദിവസം മുത്തശ്ശി മരണപ്പെട്ടു. അവൾ  വളരെ
വിഷമത്തിലായി അവൾക്ക് ഭൂമിയിൽ സ്വന്തം എന്നുപറ-
യാൻ ആരുമില്ല. നല്ല മനസ്സുള്ള ഒരു മുതലാളിയായിരുന്നു
അവളുടേത്.ആയതിനാൽ ഒരു ദിവസം മുതലാളി പറഞ്ഞു,
നീ ഈ പൂന്തോട്ടം  സ്വന്തം മുത്തശ്ശിയേപ്പോലെ നോക്ക-
ണം.ഇനി ഞാൻ നിനക്ക് പണം തരില്ല,പകരം ഈ
പൂന്തോട്ടത്തിലെ പൂക്കൾ  നിനക്കുള്ളതാണ്.ഈ പൂക്കൾ
വിറ്റ് നീ പണം ശേഖരിച്ചോളൂ.അങ്ങനെ അവൾ നന്നായി
വളർത്തി ആ പൂക്കൾ പറിച്ച് വിറ്റ പണംകൊണ്ട് ഭക്ഷ്യവ-
സ്തുക്കൾ വാങ്ങി. ഒരു ദിവസം അവളുടെ മുതലാളി തളർന്ന്

കിടന്നു. മുതലാളിയുടെ ഭാര്യയും മക്കളും വളരെ ക്രൂരതയുള്ള-
വരായതിനാൽ എല്ലാ പണവും സ്വത്തുക്കളും തട്ടിയെടുത്ത്
അവളുടെ മുതലാളിയായിരുന്ന നീരജിനെ ഉപേക്ഷിച്ചു.
ചിന്നുവിന് ഇത് സഹിക്കാനായില്ല.അവൾ നീരജിനെ
ശുശ്രൂഷിച്ചു. എന്നാൽ ഡോക്ടർ പറഞ്ഞു,ഒരു ശസ്ത്രക്രിയ
വേണമെന്ന് .പക്ഷേ മുഴുവൻ പൂക്കൾ വിറ്റാൽപോലും
ശസ്ത്രക്രിയയ്ക്കുള്ള  പകുതി പണം പോലും കിട്ടില്ല. അവൾ
മുതലാളിയോട് നാളെ ശസ്ത്രക്രിയ  ചെയ്യാം എന്ന് പറഞ്ഞ്
ആശ്വസിപ്പിച്ചു. അവൾ രാത്രി ഉറങ്ങിയതേയില്ല.അവളുടെ
പ്രിയ മരമായ പാലമരത്തിന് ചുവട്ടിൽ ഇരുന്ന് കരഞ്ഞു.
എന്നിട്ട് പറഞ്ഞു;എന്നെ സഹായിക്കാൻ  നിന്റെ കയ്യിൽ
പോലും പൂക്കളില്ലല്ലോ?

മിഥില.വി
7.B

# കുരങ്ങന്റെ സൂത്രം

ഒരു കാട്ടിൽ ഒരു സിംഹം ജീവിച്ചിരുന്നു.ഈ സിംഹം വളരെ ക്രൂരനും,അഹങ്കാരനും,വിഡ്ഢിയും ആയിരുന്നു.കാരണം ഈ സിംഹം വിശപ്പില്ലെങ്കിൽ പോലും മറ്റു മൃഗങ്ങളെ ഉപദ്രവിച്ച് കൊല്ലുമായിരുന്നു.കൂടാതെ ഈ സിംഹം മറ്റുള്ള ജീവികളുടെ കഴിവുകളിൽ അസൂയപ്പെട്ടിരുന്നു.
ആ കാട്ടിൽ തന്നെ ജീവിച്ചിരുന്ന കഴിവുള്ളവനും വളരെ ബുദ്ധിശാലിയും ആയിരുന്നു ഒരു കുരങ്ങ്.ഈ കുരങ്ങ് വളരെ അഭ്യാസിയായിരുന്നു.അതിനാൽ അവൻ എപ്പോഴും എന്തെങ്കിലും അഭ്യാസങ്ങൾ കാണിച്ചിരുന്നു.ഒരു ദിവസം സിംഹം കാട്ടിലൂടെ നടന്ന് പോകുമ്പോൾ ആ കുരങ്ങ് അഭ്യാസങ്ങൾ കാണിക്കുകയായിരുന്നു.ഇങ്ങനെ നടന്നു പോയി കൊണ്ടിരുന്ന സിംഹം കുരങ്ങിന്റെ അഭ്യാസം കണ്ട് അസൂയപ്പെട്ടു.തന്നെക്കാൾ കഴിവുള്ള ഒരാളെ കണ്ട

സിംഹത്തിന് ദേഷ്യം വരുകയും അവന് നേരെ
ചാടിവീഴുകയും ചെയ്തു.പക്ഷേ കുരങ്ങ് വേഗം
മാറി വേറെ സ്ഥലത്തേക്ക് മാറി. വീണ്ടും ഈ സിംഹം
കുരങ്ങിന് നേരെ ആക്രമിച്ചു.വീണ്ടും വിണ്ടും കുരങ്ങ് വഴി
മാറി രക്ഷപ്പെട്ടു. അങ്ങനെ അവസാനം കുരങ്ങ്
അവശനായി.അവൻ സിംഹത്തിനു മുമ്പിൽ
കീഴടങ്ങി.ഞാൻ നിനക്കു ഭക്ഷണമാകാം എന്ന് പറഞ്ഞ്
നോക്കിയപ്പോൾ ആണ് സിംഹത്തിന്റെ മുഖം അവൻ
കാണുന്നത്.അത് അഹങ്കാരിയും ക്രൂരനും വിഡ്ഡിയുമായ
ആ സിംഹമാണെന്ന് കുരങ്ങ് അറിഞ്ഞു. കുരങ്ങിന് ഒരു
ബുദ്ധി തോന്നി,ഈ സിംഹത്തെ പറ്റിച്ച് രക്ഷപ്പെടാമെന്ന്.
കുരങ്ങ് വീണ്ടും പറഞ്ഞു, നീ എന്നെ ഭക്ഷണമാക്കിക്കോളൂ
എന്നാൽ നീ എന്റെ അവസാന ആഗ്രഹം
സഫലമാക്കണം. സിംഹം-ആ ആഗ്രഹം എന്താണെന്ന്
പറയൂ. ആ കുരങ്ങ് ചുറ്റും നോക്കി. അവൻ അവിടെ ഒരു
കിണർ കണ്ടു .കുരങ്ങ് പറഞ്ഞു-ആ കിണർ കാണുന്നില്ലേ ?
ആ കിണറിന് എത്ര ആഴമുണ്ടെന്ന് ഇത്രയും കാലമായിട്ട്
എനിക്ക് അറിയില്ല. നീ അത് അളന്ന് എനിക്ക് പറഞ്ഞു
തരണം."ഹെയ് അതൊന്നും എന്നെകൊണ്ട് സാധിക്കില്ല-

സിംഹം പറഞ്ഞു". "അയ്യേ ഇത്രയും കഴിവുള്ള എന്നെ പിടിക്കാൻ അറിയുമെങ്കിൽ നിനക്ക് ആ കിണറിന്റെ അടിയിൽ ചെന്ന് എത്ര ആഴം ഉണ്ടെന്ന് പറഞ്ഞൂടെ,അയ്യേ നാണക്കേട് "-കുരങ്ങ് ചിരിച്ചു. സിംഹത്തിന്റെ ഉള്ളിൽ അഹങ്കാരം ഉണർന്നു. അയ്യേ എനിക്ക് അറിയില്ലെന്നോ. ഇപ്പോ അളന്നു തരാം എന്ന് പറഞ്ഞ് ഒന്നും നോക്കാതെ സിംഹം കിണറിലേക്ക് എടുത്തുചാടി.അവിടെ വന്ന് കുരങ്ങൻ
പറഞ്ഞു എടാ മണ്ടൻ സിംഹമേ ഇനി നിനക്ക് എങ്ങനെ കിണറ് കേറാനും എന്നെ കൊല്ലാനും
സാധിക്കും.അഹങ്കാരത്തിന്റെയും അസൂയയുടെയും ഫലം ആപത്താകാം എന്ന് പറഞ്ഞ് കുരങ്ങൻ പോകുന്നു.സിംഹം കിണറ്റിൽ പെട്ടുപോകുന്നു.

SARIN P.V

10B

# കണ്ണീർ മഴ

ഒരിക്കൽ ഒരിടത്ത് മഴയെ ഏറ്റവുമധികം ഇഷ്ടമുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടിക്ക് മഴ ഇഷ്ടപ്പെടാനുള്ള കാരണം അവന്റെ അമ്മയാണ്,അമ്മയോടുള്ള ഇഷ്ടമാണ്. അവന്റെ അമ്മ അവൻ കു-
ഞ്ഞായിരിക്കുമ്പൊഴേ മരണപ്പെട്ടതാണ്. അച്ഛൻ, അവനോട് പറഞ്ഞു-കൊടുത്ത ഓരോ കഥയിലും അവന്റെ അമ്മയ്ക്ക് മഴയോടുള്ള സ്നേഹം പ്ര-
തിഫലിക്കുന്നുണ്ടായിരുന്നു. അങ്ങനെയാണ് അവന് മഴയോടുള്ള സ്നേഹം വർധിക്കാൻ കാരണം. അങ്ങനെയിരിക്കെ അവന് ജോലിയാവശ്യങ്ങൾക്കായി ദൂരേക്ക് പോകേണ്ടി വന്നു. അവിടെ മഴ തീരെ കുറവായിരുന്നു.ഇതിൽ അവന് വളരെയധികം ദുഖം ഉണ്ടായി-
രുന്നു. നാട്ടിൽ അവന്റെ അച്ഛൻ ഒറ്റക്കായിരുന്നു. അച്ഛനെ ഒറ്റയ്ക്ക് വിട്ട് പോകുന്നതിൽ അവന് വളരെയധികം സങ്കടമുണ്ടായിരുന്നു. എന്നാൽ അവൻ നാട്ടിൽ നിന്ന് പോയതിനുശേഷം അവിടെ പ്രളയം വിതക്കുന്ന മഴയായിരുന്നു. ഇത് അറിഞ്ഞതിനുശേഷം അവന് അവന്റെ അച്ഛന്റെ അടുത്തെത്തണമെന്നായിരുന്നു. അവൻ വളരെയധികം കരഞ്ഞു പ-
റഞ്ഞുകൊണ്ട് അവന് നാട്ടിൽ എത്താനായി. പക്ഷേ അവൻ അവിടെ

എത്തിയപ്പോൾ ആകെ തണുത്ത അന്തരീക്ഷമായിരുന്നു. എന്താണ്
സംഭവിച്ചതെന്ന് ഞാൻ അടുത്തുള്ള ആളുകളോട് ചോദിച്ചു. അപ്പോ-
ഴാണ് ഞാൻ അറിഞ്ഞത് ഇവിടെ ഒരു ഉരുൾപ്പൊട്ടൽ ഉണ്ടായെന്നും
അതിൽ അവന്റെ അച്ഛൻ മരിച്ചുപോയെന്നും. പിന്നെ അവൻ കുറച്ച്
നേരം ആ വീടിന്റെ പരിസരത്ത് അലഞ്ഞുതിരിഞ്ഞ് നടന്നു. അന്നു രാത്രി
മഴ തകർത്തുപെയ്തു. മഴ പെയ്ത നിമിഷം അവന്റെ അച്ഛന്റെ ഓർ
മ്മകൾ അവനെ തഴുകി ഉണർത്തി. അന്നു മുതൽ അവന്
മഴയോട് വെറുപ്പായി.
പിന്നീട് ഓരോ മഴ പെയ്യുമ്പോഴും അവന്റെ അച്ഛന്റെ ഓർമ്മകൾ അവനെ
തഴുകുമായിരുന്നു. അച്ഛന്റെ ഓർമ്മക്കായി അവൻ ഒരു അനാഥാലയം
പണിതു. അനാഥാലയത്തിന് അവന്റെ അച്ഛന്റേയും
അമ്മയുടേയും പേര് നൽകി. അങ്ങനെ അവൻ
അവിടെസന്തോഷമായി ജീവിച്ചു.

കൃഷ്ണേന്ദു,
8A

# കാലം മായ്ക്കാത്ത പ്രണയം

ഒരു മഴയുടെ കാറ്റിൽ
വന്ന സുഗന്ധമായെന്നിൽ
പടർന്നതുവള്ളിപോലെ
നീ നീട്ടുമെന്നിതല
സ്നേഹ ജാലകം.
നീ നിന്നിലോക്കെത്തുന്ന
എൻ ചൈത്ര യാത്രയിൽ
പുതുസ്വപ്നങ്ങൾ ഉണർത്തി
ഒട്ടുവിൽ കാലം
നിന്നെ എന്നിൽ പടർത്തി
എൻ ഓർമ്മയിൽ ചാരുതയേകി
ഞാൻ വളർത്തിയ സ്വപ്നം
എന്നിൽ സഫലമായി.

-അഭിരാമി 8B

# ഭൂമിയെ കൊന്നൊടുക്കുന്നു

മനുഷ്യരെ, എനിക്ക് പറയാൻ ഒത്തിരി ഒത്തിരി കാര്യങ്ങളായ്. ഭൂമിയുടെ ദേഹത്തെ പച്ചപ്പെല്ലാം നഷ്ടപ്പെല്ലാം നഷ്ടപ്പെട്ടു.എല്ലാം നഷ്ടപ്പെട്ടു.സമഗ്രമായി ഒഴുകിക്കൊണ്ടിരിക്കുന്ന പുഴകളും പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന വൻമലകളും തിങ്ങി-നില്ക്കുന്ന കാടുകളും എല്ലാം എന്റെ കാഴ്ച്ചകളിൽ നിന്നും ന-ഷ്ടപ്പെട്ടു,നേരിട്ടു കാണുന്നതെല്ലാം.

പ്രകൃതിയെ നാം ഓരോരുത്തരും ആസ്വദിക്കുന്നില്ല. പകരംനാം ഓരോരുത്തരും ഇപ്പോഴുള്ള തലമുറകളും മൊബൈൽ ഫോണിലൂടെയാണ് കാണുന്നത്. എന്താണ് നമ്മുടെ ലോകം എന്ന് ആർക്കും അറിയില്ല. കൃത്രിമമായ ഭംഗിയാണ് ആസ്വദിക്കുന്നത്.

പ്രളയം ഉണ്ടാക്കുന്നത് നാം തന്നെയാണ്.ഭൂമിയെ നാം അടക്കിഭരിക്കുകയാണ്.ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണ്.നാം ഓരോരുത്തരും പ്രകൃതിയുടെ മക്കളാണ്. അതുപോലെ തന്നെ ജീവികളും. നമ്മുടെ കാരണത്താൽ തന്നെ വൻ പ്രളയം ഉണ്ടായി.ഇനി വൻ വേനലിൽ ജലക്ഷാമവും.ഓസ്ട്രേലിയയിൽ നടന്ന തീപിടിത്തവും ,ബ്രസീലിലെആമസോണിൽ നടന്ന തീപിടിത്തവും നാം കാരണം തന്നെ.

ഫിദാഫാത്തിമ.പി

**7A**

# Works done by

KEERTHANA





MUHAMMED YASIN





# പ്രതിഭകളോടൊപ്പം...







# അവസാനിപ്പിച്ചോട്ടെ..

വഴിയോരങ്ങളിലേക്ക്

ചിതറിതെറിച്ച്

കുന്നിറങ്ങിയ പൊട്ടിച്ചിരികളും

കൂട്ടുകൂടാൻ മറന്ന

കാറ്റെടുത്ത പ്രണയവും

മഴ നിഴൽ വീഴ്ത്തിയ മൗനങ്ങളും,

വെയിൽ തിളക്കങ്ങളിൽ

ജനലഴികളിലൂടെ പിറന്ന

സ്വപ്നങ്ങളും ലക്ഷ്യങ്ങളും

അക്ഷരങ്ങളായി

വിവർത്തനം ചെയ്യപ്പെട്ടത്

ഇവിടെ

താളുകളിൽ തീരുകയാണ്

# EDITORIAL BOARD



AISWARYA

ASIFA

ASWATHY

HIBA SHERIN

ANJANA

AFEEFA

ANAGHA

JINSHA

KRISHNAPRIYA

# ഭൂമിയെ കൊന്നൊടുക്കുന്നു

മനുഷ്യരെ, എനിക്ക് പറയാൻ ഒത്തിരി ഒത്തിരി കാര്യങ്ങളായ്. ഭൂമിയുടെ ദേഹത്തെ പച്ചപ്പെല്ലാം നഷ്ടപ്പെല്ലാം നഷ്ടപ്പെട്ടു.എല്ലാം നഷ്ടപ്പെട്ടു.സമഗ്രമായി ഒഴുകിക്കൊണ്ടിരിക്കുന്ന പുഴകളും പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന വൻമലകളും തിങ്ങി-നില്ക്കുന്ന കാടുകളും എല്ലാം എന്റെ കാഴ്ച്ചകളിൽ നിന്നും ന-ഷ്ടപ്പെട്ടു,നേരിട്ടു കാണുന്നതെല്ലാം.

പ്രകൃതിയെ നാം ഓരോരുത്തരും ആസ്വദിക്കുന്നില്ല. പകരംനാം ഓരോരുത്തരും ഇപ്പോഴുള്ള തലമുറകളും മൊബൈൽ ഫോണിലൂടെയാണ് കാണുന്നത്. എന്താണ് നമ്മുടെ ലോകം എന്ന് ആർക്കും അറിയില്ല. കൃത്രിമമായ ഭംഗിയാണ് ആസ്വദിക്കുന്നത്.

പ്രളയം ഉണ്ടാക്കുന്നത് നാം തന്നെയാണ്.ഭൂമിയെ നാം അടക്കിഭരിക്കുകയാണ്.ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണ്.നാം ഓരോരുത്തരും പ്രകൃതിയുടെ മക്കളാണ്. അതുപോലെ തന്നെ ജീവികളും. നമ്മുടെ കാരണത്താൽ തന്നെ വൻ പ്രളയം ഉണ്ടായി.ഇനി വൻ വേനലിൽ ജലക്ഷാമവും.ഓസ്ട്രേലിയയിൽ നടന്ന തീപ്പിടിത്തവും ,ബ്രസീലിലെആമസോണിൽ നടന്ന തീപ്പിടിത്തവും നാം കാരണം തന്നെ.

ഫിദാഫാത്തിമ.പി

**7A**

## താളുകൾ മറിയുമ്പോൾ....


| | |
|---|---|
| ആമുഖം | ഹൃദയാമൃതം |
| ആശംസകൾ നേർന്നുകൊണ്ട് HM | ജീവശാസ്ത്രം |
| ആശംസകൾ നേർന്നുകൊണ്ട് PTA PRESIDENT | രാത്രി വീണ പുഷ്പം |
| ആശംസകൾ നേർന്നുകൊണ്ട് SCHOOL LEADER | കുരങ്ങന്റെ സൂത്രം |
| KITE MASTER/KITE MISTRESS | കണ്ണീർ മഴ |
| സമർപ്പണം | കാലം മായ്ക്കാത്ത പ്രണയം |
| ചേറ് | ഭൂമിയെ കൊന്നൊടുക്കുന്ന |
| അതിജീവനത്തിന്റെ പാത | DRAWINGS |
| അമ്മയുടെ സ്നേഹം | പ്രതിഭകളോടൊപ്പം |
| കാടെവിടെ മക്കളെ | ഉപസംഹാരം |
| കൊറോണ | EDITORIAL BOARD |
| എന്ത് എന്തൊക്കെ എങ്ങനെ | |
| Famous Quotes of English Poets | |
| ജ്യാമിതീയ നിർമ്മിതികൾ | |
| നെല്ലിക്ക അച്ചാർ | |
| ഔദ്യോഗിക ചിഹ്നങ്ങളിലെ ആപ്തവാക്യങ്ങൾ | |
| HINDI | |
| സ്നേഹനിധിയായ അമ്മ | |
| യഥാർത്ഥ മനുഷ്യത്വം | |
| കാലത്തിന്റെ ഗതി | |
| കഥകളി | |
| കരിയിലക്കിളി | |
| PHYSICS | |
| RIDDLES | |
| പള്ളിക്കൂടം | |
| ഓർമ്മയിലേക്ക് | |
| മകന്റെ വാക്കുകൾ | |
| ആകാ | |
| അക്കവും | |
| ARABIC | |